REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 03-08-2025 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **ഇന്ത്യ ലോകത്ത് മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി മാറുന്ന പാതയിലാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**
- **നീറ്റ് PG പരീക്ഷ ഇന്ന്.**
- **അന്തരിച്ച അധ്യാപകനും വാഗ്മിയും എഴുത്തുകാരനുമായ പ്രൊഫസർ MK സാനുവിന് കേരളം ഇന്ന് യാത്രാമൊഴി നൽകും.**
- **സംസ്ഥാനത്ത് മഴ വീണ്ടും ശക്തമാകുന്നു. ഇന്ന് ആലപ്പുഴ കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ ഓറഞ്ച് ജാഗ്രത.**
- **ഓവൽ ക്രിക്കറ്റ് ടെസ്റ്റിലെ രണ്ടാം ഇന്നിംഗ്സിൽ ഇംഗ്ലണ്ട് ഇന്ത്യക്കെതിരെ മൂന്നാം ദിവസം ഒരു വിക്കറ്റ് നഷ്ടത്തിൽ 50 റൺസെടുത്തു.**

## വാർത്തകൾ വിശദമായി

ഇന്ത്യ ലോകത്ത് മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി മാറുന്ന പാതയിലാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഉത്തർപ്രദേശിലെ വാരണാസിയിൽ 2,200 കോടി രൂപയുടെ വിവിധ വികസന പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്യുകയും തറക്കല്ലിടുകയും ചെയ്ത ശേഷം സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

ഡെസ്ക് റിപ്പോർട്ട്

........വോയ്സ്......

രാജ്യത്തെ സമ്പദ്‌വ്യവസ്ഥ ശക്തമാക്കാൻ പൗരന്മാർക്കും പ്രധാന ഉത്തരവാദിത്തമുണ്ടെന്ന് പറഞ്ഞ പ്രധാനമന്ത്രി, "വോക്കൽ ഫോർ ലോക്കൽ" എന്ന മന്ത്രം സ്വീകരിക്കാൻ ജനങ്ങളെ ആഹ്വാനം ചെയ്തു. "മെയ്ക്ക് ഇൻ ഇന്ത്യ" ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുമെന്ന് പ്രതിജ്ഞയെടുക്കാനും അദ്ദേഹം ആവശ്യപ്പെട്ടു. സ്വദേശി ഉൽപ്പന്നങ്ങൾ മാത്രം വിൽക്കുമെന്ന് എല്ലാ വ്യാപാരികളും കടയുടമകളും പ്രതിജ്ഞയെടുക്കണം. വരാനിരിക്കുന്ന ഉത്സവ സീസണിൽ സ്വദേശി ഉൽപ്പന്നങ്ങൾ ഉപയോഗിക്കണമെന്നും പ്രധാനമന്ത്രി അഭ്യർത്ഥിച്ചു. ഇതായിരിക്കും മഹാത്മാഗാന്ധിക്ക് നൽകുന്ന യഥാർത്ഥ ആദരവെന്നും നരേന്ദ്ര മോദി പറഞ്ഞു.

✪✪✪

നീറ്റ് PG 2025 പരീക്ഷ ഇന്ന്. രണ്ടര ലക്ഷത്തോളം മെഡിക്കൽ ബിരുദധാരികൾ PG പ്രവേശ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുണ്ട്. രാവിലെ ഒമ്പത് മുതൽ പന്ത്രണ്ടര വരെയാണ് കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷ. നീറ്റ് പരീക്ഷയ്ക്ക് എത്തുന്നവർക്ക് രാവിലെ ഏഴ് മുതൽ പരീക്ഷാ കേന്ദ്രങ്ങളിൽ പ്രവേശനം നൽകും. എട്ടരയ്ക്ക് ശേഷം പ്രവേശനം അനുവദിക്കില്ലെന്ന് നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻസ് ഇൻ മെഡിക്കൽ സയൻസസ് അറിയിച്ചു.

✪✪✪

ഇന്നലെ അന്തരിച്ച അധ്യാപകനും വാഗ്മിയും എഴുത്തുകാരനുമായ പ്രൊഫസർ MK സാനുവിന്റെ ഭൗതിക ശരീരം വൈകിട്ട്  നാലിന് എറണാകുളം രവിപുരം ശ്മശാനത്തിൽ ഔദ്യോഗിക ബഹുമതികളോടെ സംസ്കരിക്കും. ഭൗതികദേഹം രാവിലെ ഒമ്പതിന് എറണാകുളം കരിക്കാമുറിയിലെ വസതിയിൽ കൊണ്ടുവരും.   തുടർന്ന്  എറണാകുളം ടൗൺഹാളിൽ പൊതുദർശനത്തിന് വെക്കും.

കൊച്ചിയിലെ സ്വകാര്യാശുപത്രിയിൽ ഇന്നലെ വൈകിട്ടായിരുന്നു 97 കാരനായ സാനുമാഷിന്റെ അന്ത്യം.  വിമർശനം, വ്യാഖ്യാനം, ജീവചരിത്രം, നോവൽ, ബാലസാഹിത്യം തുടങ്ങിയ ശാഖകളിലായി അമ്പതിലേറെ കൃതികൾ അദ്ദേഹം എഴുതി. കേരള ജ്യോതി പുരസ്കാരം, കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ് എന്നിവയടക്കം ഒട്ടേറെ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. 1987ൽ എറണാകുളം മണ്ഡലത്തിൽ നിന്ന് ഇടത് സ്വതന്ത്ര സ്ഥാനാർത്ഥിയായി നിയമസഭാംഗവുമായി. എണ്ണമറ്റ ശിഷ്യപരമ്പരയുടെ ഗുരുവെന്ന നിലയിലാണ് സാനുമാഷെ സമൂഹം അനുസ്മരിക്കുന്നത്.

പ്രശസ്ത എഴുത്തുകാരൻ C രാധാകൃഷ്ണൻ സാനുമാഷെ കുറിച്ച് ........

.........വോയ്സ്.....

✪✪✪

പ്രൊഫസർ MK സാനുവിന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. കേരളത്തിലെ സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ ശാന്തമെങ്കിലും ഉറച്ച ശബ്ദമായിരുന്നു MK സാനുവിന്റേതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

മന്ത്രിമാരായ MB രാജേഷും സജി ചെറിയാനും സ്പീക്കർ AN ഷംസീർ, പ്രതിപക്ഷ നേതാവ് VD സതീശൻ, CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ, KPCC പ്രസിഡന്റ് സണ്ണി ജോസഫ് തുടങ്ങിയവരും ശ്രീനാരായണധർമ സംഘം ട്രസ്റ്റ് ശിവഗിരി മഠം ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദയും MK സാനുവിന് ആദരാഞ്ജലി അർപ്പിച്ചു.

✪✪✪

വോട്ടർ പട്ടിക പുതുക്കലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ബൂത്ത് ലെവൽ ഓഫീസർമാരുടെ വേതനം തെരഞ്ഞെടുപ്പ് കമ്മീഷൻ ഇരട്ടിയാക്കി വർദ്ധിപ്പിച്ചു. ഇതോടെ, BLO മാരുടെ വാർഷിക വേതനം 6,000 രൂപയിൽ നിന്ന് 12,000 രൂപയായി ഉയരും. പട്ടിക പുതുക്കൽ സമയത്ത് അധികമായി രണ്ടായിരം രൂപ ഇൻസെന്റീവും നൽകും. BLO സൂപ്പർവൈസർമാർക്ക് വാർഷിക വേതനം 12,000 രൂപയിൽ നിന്ന് 18,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും അസിസ്റ്റന്റ് രജിസ്ട്രേഷൻ ഓഫീസർമാർക്കും ഇതാദ്യമായി ഓണറേറിയവും നൽകും. ERO മാർക്ക് 30,000 രൂപയും AERO മാർക്ക് 25,000 രൂപയും ഓണറേറിയം അനുവദിച്ചിട്ടുണ്ട്.

✪✪✪

മത്സ്യോൽപ്പാദനത്തിൽ ഇന്ത്യ ലോകത്ത് രണ്ടാം സ്ഥാനത്താണെന്ന് കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ് പറഞ്ഞു. മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുക, മത്സ്യ മേഖല നേരിടുന്ന തടസ്സങ്ങൾ പരിഹരിക്കുക തുടങ്ങിയ വിഷയങ്ങൾ സംസ്ഥാന പ്രതിനിധികളുമായി കൊൽക്കത്തയിൽ ചർച്ച ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

സംസ്ഥാനത്ത് മഴ വീണ്ടും ശക്തമാകുന്നു. ഇന്ന് ആലപ്പുഴ കോട്ടയം, എറണാകുളം,ഇടുക്കി ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ഓറഞ്ച് ജാഗ്രത നൽകി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, തൃശൂർ, മലപ്പുറം, പാല ക്കാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ് .

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം കാപ്പിൽ മുതൽ പൊഴിയൂർ വരെ വൈകിട്ട് മുതൽ നാളെ രാത്രി വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ട്. മീൻപിടുത്തക്കാരും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണമെന്ന് നിർദേശം നൽകി. നാളെ കേരള-ലക്ഷദ്വീപ്-കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

✪✪✪

മഴ തുടരുന്ന സാഹചര്യത്തിൽ ഇടുക്കി ജില്ലയിൽ ജാഗ്രത കർശനമാക്കി. മൂന്നാർ ഗ്യാപ് റോഡ് വഴി രാത്രികാല ഗതാഗതം ബുധനാഴ്ച വരെ പൂർണ്ണമായി നിരോധിച്ചു. റോഡിന്റെ വശങ്ങളിലെ പാർക്കിങ്ങും വിലക്കി. ഖനന പ്രവർത്തനങ്ങൾക്കും ബുധനാഴ്ച വരെ നിരോധനമുണ്ട്.

✪✪✪

സംസ്ഥാനത്ത് സാനിറ്ററി മാലിന്യം സംസ്കരിക്കാൻ പുതിയ നാലു പ്ലാന്റുകൾ ആരംഭിക്കുമെന്ന് മന്ത്രി MB രാജേഷ് പാലക്കാട്ട് അറിയിച്ചു. കണ്ണൂർ, മലപ്പുറം, എറണാകുളം, കൊല്ലം ജില്ലകളിൽ ആരംഭിക്കുന്ന പ്ലാന്റുകളിൽ 100 ടൺ സാനിറ്ററി മാലിന്യം ഓരോ ദിവസവും സംസ്കരിക്കാൻ കഴിയും. അഞ്ചുമാസത്തിനകം പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയാകും. ഇതോടെ സംസ്ഥാനത്തെ സാനിറ്ററി മാലിന്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കാൻ സാധിക്കുമെന്നും മന്ത്രി പറഞ്ഞു.

പാലക്കാട് പറളിയിൽ മൃഗ പ്രജനന നിയന്ത്രണ കേന്ദ്രം ഉത്ഘാടനം ചെയ്യുകയായിരുന്നു MB രാജേഷ്.

✪✪✪

വിപണിയിൽ ന്യായ വിലയ്ക്ക് സാധനങ്ങൾ ലഭ്യമാക്കാൻ ഫലപ്രദമായ ഇടപെടൽ തുടരുകയാണെന്ന് മന്ത്രി GR അനിൽ കൊല്ലത്ത് പറഞ്ഞു. വെളിച്ചെണ്ണ വില ഇപ്പോഴത്തെ 349 രൂപയിൽ നിന്ന് വീണ്ടും കുറയ്ക്കാൻ നടപടി ആരംഭിച്ചു കഴിഞ്ഞു. കേര ഫെഡും, കേരജം കമ്പനിയും എണ്ണവില കുറയ്ക്കാമെന്ന് അറിയിച്ചിട്ടുണ്ട്. വെളിച്ചെണ്ണ ഉത്പാദന - വിപണ മേഖലയിലെ സംരംഭകരുമായി ചർച്ച നടത്തി അമതി വില ഈടാക്കില്ലെന്ന ധാരണയിൽ എത്തിയതായും മന്ത്രി അറിയിച്ചു.

✪✪✪

പ്രവാസികൾ നാടിന്റെ പ്രതീക്ഷയാണെന്നും കേരളത്തിന്റെ പ്രതിസന്ധി ഘട്ടങ്ങളിലെല്ലാം അവർ കരുത്ത് പകർന്നത് മറക്കാനാകില്ലെന്നും മന്ത്രി AK ശശീന്ദ്രൻ പറഞ്ഞു. ഖാസി ഫൗണ്ടേഷൻ കോഴിക്കോട്ട് സംഘടിപ്പിച്ച തെക്കേപ്പുറം NRI മീറ്റ് ഉൽഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ജനകീയ ഡോക്ടർ എന്നറിയപ്പെട്ടിരുന്ന കണ്ണൂർ താണയിലെ ഡോ. AK രൈരു ഗോപാലൻ നിര്യാതനായി. 80 വയസ്സായിരുന്നു. അരനൂറ്റാണ്ടോളം രോഗികളിൽനിന്ന് രണ്ടുരൂപ മാത്രം ഫീസ് വാങ്ങിയായിരുന്നു ഡോക്ടറുടെ സേവനം. സംസ്കാരം ഉച്ചയ്ക്ക് കണ്ണൂർ പയ്യാമ്പലത്ത് നടത്തും.

✪✪✪

തമിഴ് നടനും ഹാസ്യ താരവുമായ മദൻ ബോബ് ചെന്നൈയിൽ അന്തരിച്ചു. അദ്ദേഹത്തിന് 71 വയസ്സായിരുന്നു. 600-ലധികം ചിത്രങ്ങളിൽ അഭിനയിച്ചിട്ടുണ്ട്.

✪✪✪

ഓവൽ ക്രിക്കറ്റ് ടെസ്റ്റിലെ രണ്ടാം ഇന്നിംഗ്സിൽ ഇംഗ്ലണ്ട് ഇന്ത്യക്കെതിരെ മൂന്നാം ദിവസം ഒരു വിക്കറ്റ് നഷ്ടത്തിൽ ഇന്നലെ 50 റൺസെടുത്തു. നേരത്തെ ഇന്ത്യയെ രണ്ടാം ഇന്നിംഗ്സിൽ 396 റൺസിന് ഇംഗ്ലണ്ട് പുറത്താക്കിയിരുന്നു. മാച്ചിൽ രണ്ട് ദിവസം ശേഷിക്കെ അഞ്ചു മത്സര പരമ്പര സ്വന്തമാക്കാൻ ഇംഗ്ലണ്ടിന് 374 റൺസ് കൂടി വേണം. രണ്ട് മത്സരം ജയിച്ച് ഇംഗ്ലണ്ട് മുന്നിട്ട് നിൽക്കുകയാണ്. നാലാം ദിവസത്തെ മത്സരം ഇന്ത്യൻ സമയം വൈകിട്ട് മൂന്നരയ്ക്ക് ആരംഭിക്കും.

✪✪✪

കസാക്കിസ്ഥാനിൽ വേൾഡ് അത്‌ലറ്റിക്സ് കോണ്ടിനെ ന്റൽ ടൂർ 2025 ക്വസനോവ് മെമ്മോറിയൽ പുരുഷ ലോംഗ്ജമ്പിൽ ഇന്ത്യയുടെ മുരളി ശ്രീശങ്കർ സ്വർണം നേടി. അടുത്തിടെ പരിക്കിൽ നിന്ന് തിരിച്ചെത്തിയ ശ്രീശങ്കർ, ആദ്യ ശ്രമത്തിൽ തന്നെ 7.94 മീറ്റർ ചാടി മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്.

✪✪✪

ദേശീയ പവർലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പ് രാവിലെ കോഴിക്കോട്ട് ആരംഭിക്കും. 24 സംസ്ഥാനങ്ങളിൽ നിന്ന് 360 പുരുഷന്മാരും 150 വനിതകളും ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കും. അടുത്ത വ്യാഴാഴ്ച വരെയാണ് മത്സരങ്ങൾ.

✪✪✪

ഇന്ന് അന്താരാഷ്ട്ര സൗഹൃദ ദിനം. 2011 ഏപ്രിൽ 27നു UN ജനറൽ അസംബ്ലിയാണ് എല്ലാ വർഷവും ജൂലൈ 30 അന്താരാഷ്ട്ര സൗഹൃദ ദിനം ആയി ആചരിക്കാൻ ആഹ്വാനം ചെയ്തത്.

✪✪✪

ലോക സൗഹൃദ ദിനമായ ഇന്ന് സൗഹൃദം മഹാവൃക്ഷമായി വളരട്ടെ എന്ന് സന്ദേശത്തോടെ ഹരിതകേരളം മിഷൻ സുഹൃത്തുക്കൾക്ക് വൃക്ഷത്തൈകൾ കൈമാറുന്ന പരിപാടി സംഘടിപ്പിക്കും. ഒരുകോടി വൃക്ഷത്തൈകൾ നട്ടു പിടിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ജനകീയ വൃക്ഷവത്കരണ ക്യാമ്പയിന്റെ ഭാഗമായാണ് പരിപാടി. 'ചങ്ങാതിക്കൊരു തൈ' പരിപാടിയിൽ പത്തു ലക്ഷത്തിലേറെ വൃക്ഷത്തൈകളുടെ കൈമാറ്റം നടക്കുമെന്ന് മിഷൻ വൈസ് ചെയർപേഴ്സൺ ഡോ. TN സീമ കോഴിക്കോട്ട് അറിയിച്ചു.

✪✪✪

തദ്ദേശസ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുപ്പിന് മുന്നോടിയായി വോട്ടർപട്ടികയിൽ പേര് ചേർക്കാൻ ഈ മാസം 7 വരെ അവസരം. അന്തിമ വോട്ടർപട്ടിക 30-ന് പ്രസിദ്ധീകരിക്കും. അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്.

✪✪✪

ATM ലേക്ക് പണം കൊണ്ടുപോകുന്ന വാഹനത്തിന്റെ ഡ്രൈവറെ മർദിച്ച മഞ്ചേരി ട്രാഫിക് യൂണിറ്റിലെ പൊലീസ് ഡ്രൈവർ നൗഷാദിനെ സസ്പെൻഡ് ചെയ്തു. ജാഫറിനെ മർദിക്കുന്ന ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചതിനെ തുടർന്നാണ് നടപടി.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRT: രജിന കെ*
*DEO: സി കെ സുബോധ്*